പത്രക്കുറിപ്പ്

25/02/2022

## വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ പുതുക്കിയ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും നിലവിലെ സംരംഭകർക്ക് തങ്ങളുടെ സംരംഭം കൂടുതൽ മെച്ചപ്പെടുത്താനും വെബ്സൈറ്റ് സഹായകമാകും.

തിരുവനന്തപുരം: കേരള സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ പുതുക്കിയ വെബ്സൈറ്റ് നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. പൊതുജനങ്ങൾക്ക് വ്യവസായ സംബന്ധമായി ആവശ്യമായ എല്ലാ വിവരങ്ങളും കോർത്തിണക്കി കൊണ്ട് കൃത്യമായ ഉള്ളടക്കത്തോടും മികച്ച രൂപകല്പനയോടും കൂടെയാണ് പുതുക്കിയ വെബ്സൈറ്റ് www.industry.kerala.gov.in ലഭ്യമാക്കിയിരിക്കുന്നത്.

കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭകർക്ക് വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും സേവനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയാണ് വെബ്സൈറ്റ് നവീകരിച്ചിരിക്കുന്നത്. വകുപ്പ് നടപ്പിലാക്കുന്ന വിവിധ സബ്സിഡി സ്കീമുകളിൽ നിന്നും സംരംഭകർക്ക് അനുയോജ്യമായ സ്കീമുകൾ കണ്ടെത്തുന്നതിനും, സംരംഭകരുടെ ചോദ്യങ്ങളും നിർദ്ദേശങ്ങളും വകുപ്പിനെ അറിയിക്കുന്നതിനും ഓൺലൈൻ സംവിധാനങ്ങൾ തയ്യാറാക്കി വെബ്സൈറ്റുമായി ലിങ്ക് ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ ഓൺലൈൻ സേവനങ്ങളുടെ പോർട്ടലുകൾ, ഡാഷ്ബോർഡ് വിവരങ്ങൾ, അടിസ്ഥാന സൗകര്യ വിവരങ്ങൾ, ഉത്പാദനാനന്തര സേവനങ്ങൾ, പരിശീലന പരിപാടികൾ, വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട് അതത് ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുന്നതിനുള്ള വിവരങ്ങൾ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട സോഷ്യൽ മീഡിയ ലിങ്കുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

2022 ഫെബ്രുവരി 24 - ാം തീയതി നടന്ന ഉദ്ഘാടന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ സുമൻ ബില്ല ഐ.എ.എസ്, എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ് , കെ.എസ്.ഐ.ഡി.സി എം.ഡി എം. ജി രാജമാണിക്കം ഐ.എ.എസ്, കയർ ഡയറക്ടർ ശ്രീ. വി. ആർ വിനോദ്, വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ സുധീർ. കെ, കെബിപ് സി.ഇ.ഒ സൂരജ്. എസ് കൂടാതെ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

ഡയറക്ടർ

വ്യവസായ വാണിജ്യ വകുപ്പ്